# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3848 — 23.08.2017-ൽ മറുപടിക്ക്

## ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കാൻ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. വി. എസ്. ശിവകുമാർ<br>ശ്രീ. പി.ടി. തോമസ്<br>ശ്രീ. വി.ടി. ബൽറാം | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദ മാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) | സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന "ഗ്രീൻ കാർപ്പറ്റ്" എന്ന പദ്ധതിയിൽ ഭിന്നശേഷിക്കാർക്കു കൂടി സൗകര്യപ്രദമായ രീതിയിൽ ടൂറിസം കേന്ദ്രങ്ങളിൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിവരിക്കുമോ; | ബി) | സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന "ഗ്രീൻ കാർപ്പറ്റ്" പദ്ധതിയിൽ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നത് ഉൾപ്പെടെ ഭിന്നശേഷി സൗഹൃദസംരംഭം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഭിന്നശേഷിക്കാർക്കായി ടൂറിസം കേന്ദ്രങ്ങളെ അനുഭവവേദ്യമാക്കാൻ തക്കമുള്ള ഭിന്നശേഷി ടൂറിസ്റ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ഭിന്നശേഷി സൗഹൃദ ടോയ് ലറ്റുകൾ, റാമ്പുകൾ, നടപ്പാതകൾ, വിശ്രമമുറികൾ, പ്രത്യേക പാർക്കിംഗ് മേഖലകൾ എന്നിവ ഒരുക്കുന്നതിന് വകുപ്പ് ലക്ഷ്യമിടുന്നു. ഇതിനായി ഓരോ ടൂറിസം കേന്ദ്രങ്ങളുടെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, നിലവിലെ അടിസ്ഥാന സൗകര്യങ്ങൾ, വരുത്തേണ്ടതായ മാറ്റങ്ങൾ എന്നിവയെ സംബന്ധിച്ച വിശദമായ പരിശോധന ആരംഭിച്ചിട്ടുണ്ട്. |
| സി) ഏതെല്ലാം ടൂറിസം കേന്ദ്രങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | സി) യും ഡി) യും | തിരുവനന്തപുരം ജില്ലയിൽ ആക്കുളം, പൊന്മുടി ലോവർ സാനിറ്റോറിയം, വേളി എന്നീ ടൂറിസം കേന്ദ്രങ്ങളിൽ ഭിന്നശേഷിക്കാർക്കായുള്ള നടപ്പാത, റാമ്പ്, ടോയ് ലറ്റ് എന്നിവയുടെ പ്രവൃത്തികൾ നടന്നു വരുന്നു. |

| | |
|---|---|
| ഡി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഇതനുസരിച്ച് ടൂറിസം കേന്ദ്രങ്ങളിൽ ഒരുക്കിയിട്ടുള്ളത്; വിവരിക്കുമോ? | കൊല്ലം ജില്ലയിൽ ആശ്രാമം അഡ്വഞ്ചർ പാർക്ക്, തെന്മല ഇക്കോ ടൂറിസം പ്രോജക്ടിൽ ഉൾപ്പെടുത്തി ഭിന്നശേഷിക്കാർക്കുള്ള നടപ്പാത, റാമ്പ്, ടോയ് ലറ്റ് എന്നിവയുടെ പ്രവൃത്തികൾ നടന്നു വരുന്നു.<br>കോട്ടയം ജില്ലയിൽ കവണാറ്റിൻകര, കുമരകം എന്നിവിടങ്ങളിൽ നടപ്പാത, ടോയ് ലറ്റ് എന്നിവയുടെ പ്രവൃത്തികൾ നടന്നു വരുന്നു.<br>എറണാകുളം ജില്ലയിലെ ഫോർട്ട് കൊച്ചിയിൽ റാമ്പ്, പാത്ത് വേ എന്നിവ നിലവിൽ ഉണ്ട്.<br>ആലപ്പുഴ ജില്ലയിലെ പുന്നമടക്കായൽ ഫിനിഷിംഗ് പോയിന്റ് ടെർമിനൽ, വട്ടക്കായൽ എന്നീ സ്ഥലങ്ങളിലും നടപ്പാത, റാമ്പ്, ടോയ് ലറ്റ് എന്നിവയുടെ പണി പൂർത്തീകരിച്ചു കഴിഞ്ഞു. കായംകുളം മെഗാ ടൂറിസം പദ്ധതിയുടെ ഭാഗമായി നടപ്പാത, റാമ്പ്, ടോയ് ലറ്റ് എന്നിവയുടെ പണി പൂർത്തീകരിച്ചു കഴിഞ്ഞു.<br>വയനാട്ടിൽ കർലാട് ലേക്ക്, കാന്തൻപാറ, പൂക്കോട് തടാകം എന്നിവിടങ്ങളിൽ ഭിന്നശേഷി സൗഹൃദ ടോയ് ലറ്റിന്റെ പണി പൂർത്തീകരിച്ചു കഴിഞ്ഞു.<br>തൃശ്ശൂർ ജില്ലയിൽ വിലങ്ങൻകുന്ന്, വാഴാനി ഡാം, പീച്ചി ഡാം, പൂമല ഡാം എന്നിവിടങ്ങളിൽ വീൽ ചെയർ റാമ്പ്, ടോയ് ലറ്റ് എന്നിവയുടെ പ്രവർത്തികൾ നടന്നു വരുന്നു.<br>പാലക്കാട് ജില്ലയിൽ കാഞ്ഞിരപ്പുഴ ഡാം, വാടിക ഗാർഡൻ, തിരുവേഗപ്പുറ ഫോക് ലോർ പാർക്ക് എന്നിവിടങ്ങളിൽ റാമ്പ്, ടോയ് ലറ്റ് എന്നിവയുടെ പണി പൂർത്തീകരിച്ചു കഴിഞ്ഞു.<br>കാസർഗോഡ് ജില്ലയിലെ ബേക്കൽ പാർക്കിൽ ടോയ് ലറ്റ്, റാമ്പ് പണി പൂർത്തീകരിച്ചു<br>കൂടാതെ വകുപ്പ് നടപ്പിലാക്കി വരുന്ന നിലവിലുള്ള എല്ലാ ടൂറിസം പദ്ധതികളിലും ഭിന്നശേഷിക്കാർക്കായുള്ള അടിസ്ഥാനസൗകര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ